# ലോക മിഷൻ നേരിടുന്ന വെല്ലുവിളി

മിഷൻ ജോലി എന്ന വെല്ലുവിളിയാണ് സഭാ പ്രവൃത്തിയിൽ മുഖ്യമായി കിടക്കുന്നത്. ആരോ പറഞ്ഞതു പോലെ, "ദൈവത്തിനു ഒരു മകനേ ഉള്ളൂ, അവൻ മിഷ്ണറിയായിരുന്നു." യേശു സ്വർഗ്ഗം വിട്ടു ഭൂമിയിലേക്കു വന്നതു "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രേ" (ലൂക്കൊസ് 19:10). സഭ ഇന്നു ക്രിസ്തുവിന്റെ ശരീരമാണ്; അതിന്റെ മുൻഗണനകൾ യജമാനൻ തന്നെ നിശ്ചയിച്ചിരിക്കുന്നു. അവന്റെ ദൗത്യം "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കുകയായി രുന്നു," എങ്കിൽ ഇന്നു അവന്റെ ആളുകളുടെ ദൗത്യവും അതു തന്നെയാണ്. കർത്താവിനോടും സഭയുടെ ദൗത്യത്തോടും നീതി പുലർ ത്തുന്ന സഭാദ്ധ്യക്ഷന്മാർ ലോക സുവിശേഷസംഘത്തിന്റെ വെല്ലുവിളി കൾ ശ്രദ്ധിക്കണം.

സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രാദേശിക സഭയുടെ നേതൃത്വത്തെ ബാധിക്കുന്ന രണ്ടു പ്രശ്നങ്ങൾ ഉയർന്നു വരാറുള്ളത്: (1) അതു ചെയ്യുന്നതുകൊണ്ട് (2) ശരിയായി അതു ചെയ്യുന്നതിനാൽ!

### സഭ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്

സഭാദ്ധ്യക്ഷന്മാർ മിഷൻ പ്രവർത്തനത്തിന്റെ പ്രാധാന്യത്തിനു ഊന്നൽ കൊടുക്കണം.[1] സഭ സകല ജാതികളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കണം (മത്തായി 28:18–20). ഈ കാര്യത്തെ സംബന്ധിച്ചു, ഒരു നിയമമായി, മൂപ്പന്മാർ നേരിടുന്ന പ്രശ്നം ഒന്നുകിൽ പോരാട്ടമോ അല്ലെങ്കിൽ വിയോജിപ്പോ അല്ല, എന്നാൽ മാന്ദ്യമാണ്. ചോദ്യം ഇതാണ്: "ലോകം മുഴുവൻ സുവിശേഷം എത്തിക്കുവാൻ അംഗങ്ങളെ സഭാദ്ധ്യക്ഷന്മാർ എങ്ങനെ പ്രചോദിപ്പിക്കും?" അഞ്ചു നിർദ്ദേശങ്ങൾ നാം പഠിക്കും.

#### മിഷൻ-മനസ്സുള്ള നേതൃത്വം നല്കുക

ഒരു ഇടവക മിഷൻ പ്രവർത്തനത്തിനു കൂടുതൽ സമർപ്പിക്കപ്പെടു

വാൻ, ആദ്യം അതിനു മിഷൻ - മനസ്സുള്ള നേതൃത്വം വേണം. ലോക സുവിശേഷീകരണത്തിൽ അദ്ധ്യക്ഷന്മാർ വിചാരപ്പെടാതിരുന്നാൽ മറ്റു ക്രിസ്ത്യാനികളിൽ അതിനെ കുറിച്ച് ആവേശം ജനിപ്പിക്കാൻ അവർക്കു കഴിയുകയില്ല. യേശു പത്രൊസിനോടു പറഞ്ഞു, "എന്നാൽ നീ ഒരു സമയം തിരിഞ്ഞുവന്ന ശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക" (ലൂക്കൊസ് 22:32). അദ്ധ്യക്ഷന്മാർ മറ്റുള്ളവരെ മിഷൻ പ്രവർത്തനത്തിനു പരിവർത്തനം ചെയ്യുന്നതിനു മുൻപു, തങ്ങളെ തന്നെ പരിവർത്തനം ചെയ്യേണ്ടതുണ്ട്.

എല്ലാ സഭാദ്ധ്യക്ഷന്മാരും മിഷൻ - മനസ്സുള്ളവരല്ലേ? വേണമെന്നില്ല. ചില ഉപദേഷ്ടാക്കന്മാർ "തങ്ങളുടെ" സഭ വളർത്തുന്നതിൽ മാത്രം ശ്രദ്ധിക്കുകയും അവർ മിഷ്ണറിമാരെ ആശങ്കയോടെയും കാണുന്നു. നിങ്ങൾക്കു അതിൽ സംശയമുണ്ടെങ്കിൽ, സഭകളിൽ നിന്നു സഹായം തേടി മിഷ്ണറി ആകുവാൻ-ആഗ്രഹിക്കുന്നവരോടു ചോദിക്കുക!

## സഭയുടെ ഉദ്ദേശത്തിന്റെ ബൈബിൾ കാഴ്ച്ചപ്പാട് അവതരിപ്പിക്കുക

രണ്ടാമതു, ഒരു ഇടവകക്ക് സഭയുടെ ഉദ്ദേശത്തിന്റെ ബൈബിൾ കാഴ്ച്ചപ്പാട് വേണം. സഭ എന്നാൽ എന്താണ്?

*സഭയുടെ ലക്ഷ്യം പ്രാഥമികമായി അതിലെ അംഗങ്ങൾക്ക് സ്വയ-നിവർത്തീകരണം നല്കുന്നതു മാത്രമല്ല.* നമ്മുടെ കാലത്തിലെ വിഷയം "എനിക്ക്" എന്നതാണ്. മറ്റുള്ളവർക്ക് എന്നതിനു അല്പം വിചാരം മാത്രം; ഏറ്റവും കൂടുതൽ "എനിക്ക്" എന്നതിനാണ്. ലോകം സ്വയ-നിവർത്തീകരണത്തിന് ഏറ്റവും കൂടുതൽ താല്പര്യം കാണിക്കുന്നു, അത് ഓരോ ആഗ്രഹവും നിറവേറ്റുവാനും, അതുടനെ തൃപ്തിപ്പെടുത്തുവാനും വേണ്ടി ശ്രമിക്കുന്ന ഒരു ഭൗതികവാദമാണ്.

ഈ സ്വയ കേന്ദ്രീകൃത കാലത്തുള്ളവരോടു സഭയ്ക്കു എന്താണ് പറയുവാനുള്ളത്? സ്വാർത്ഥതയുടെ ദൂഷ്യഫലങ്ങൾക്കെതിരായി സഭ ബൈബിൾപരമായ മുന്നറിയിപ്പു നൽകുന്നുണ്ടോ കൂടാതെ സ്വയം-ത്യജിക്കലിന്റെ മൂല്യത്തെ പ്രശംസിക്കയും ചെയ്യുന്നുണ്ടോ? നാം പഠിപ്പിക്കുന്ന ആളുകളുടെ ആവശ്യങ്ങൾ, സുവിശേഷം അനുസരിക്കുമ്പോൾ ലഭിക്കുമെന്നുള്ള കാര്യത്തിൽ അതിന്റെ ഗുണഫലങ്ങൾ ന്യായീകരിക്കാമെങ്കിലും, അദ്ധ്യക്ഷന്മാർ ശ്രദ്ധിച്ചില്ലെങ്കിൽ, അവർ അശ്രദ്ധമായി ക്രിസ്തുവിന്റെ ശിഷ്യന്മാരെ, അവർ ശുശ്രൂഷിക്കേണ്ടതിനു പകരം ശുശ്രൂഷിക്കപ്പെടണം എന്നു പഠിപ്പിക്കാം (മത്തായി 20:28). സഭാംഗങ്ങൾ "പഴയ മുഷിഞ്ഞ ക്രൂശിനു" പകരം പാദരക്ഷ വാങ്ങുന്നതു കാണുമ്പോൾ സഭാദ്ധ്യക്ഷന്മാർ കരയും, എന്നാൽ അവർ അതിശയിക്കുന്നതു എന്തുകൊണ്ട്? സ്വയ-ത്യാഗത്തിനും അനുസരണത്തിനും വേണ്ടി അദ്ധ്യക്ഷന്മാർ വെല്ലുവിളിക്കുന്ന പുതിയ ക്രിസ്ത്യാനികൾ ആയിരിക്കണം. ചോദിക്കുന്നതെല്ലാം നൽകിയിട്ട് "കുട്ടികൾ" വളർന്നു വരുമ്പോൾ അവർ ഭൗതികവാദികളായി തീരുന്നതു കാണുന്ന മാതാപിതാക്കളെ പോലെ അവർ ആകരുത്. ജോൺ എഫ്. കെന്നഡി പറഞ്ഞതിനെ വേറൊരു രീതിയിലാക്കിയാൽ, ക്രിസ്ത്യാനികൾ പഠിക്കേണ്ടത് "സഭ എനിക്ക് എന്തു ചെയ്യും

എന്നു ചോദിക്കുവാനല്ല; മറിച്ച്, സഭയ്ക്കുവേണ്ടി എനിക്ക് എന്തു ചെയ്യുവാൻ കഴിയും എന്നു ചോദിക്കുവാനാണ്."

*സഭയെ സ്വയ-തൃപ്തിക്കു വേണ്ടിയുള്ള വഴിയായി കാണുന്നതിനു പകരം സഭയുടെ ദൗത്യത്തിൽ മിഷൻ പ്രവർത്തനത്തിനാണ് പ്രാധാന്യമുള്ളത് എന്ന് അദ്ധ്യക്ഷന്മാർ അംഗങ്ങളെ പഠിപ്പിക്കണം.* ബൈബിൾ നീതീകരണത്തോടെ, സഭ നാലു വിധത്തിലുള്ള പ്രവൃത്തികളിലാണ് ഏർപ്പെടേണ്ടത് എന്നു, നമുക്കു പറയാം: സുവിശേഷീകരണം, ആത്മിക വർദ്ധന, ധർമ്മോപകാരം, ആരാധന എന്നിവയാണ് അവ. "സഭ എന്തായിരിക്കണം?" എന്ന ചോദ്യം നാം ചോദിക്കുമ്പോൾ, തീർച്ചയായും, ഈ നാലെണ്ണത്തിൽ സുവിശേഷീകരണത്തിനാണ് പ്രത്യേക ഊന്നൽ വേണ്ടത്. എന്തുകൊണ്ട്?

(1) *സഭ, ക്രിസ്തുവിന്റെ ശരീരം ആക കൊണ്ടു, ക്രിസ്തു എന്തു ചെയ്യുവാൻ വന്നതായി പറഞ്ഞുവോ അതു ചെയ്യുവാൻ ശ്രമിക്കണം - അതായതു കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കണം (ലൂക്കൊസ് 19:10).*

(2) *സുവിശേഷീകരണം പ്രാഥമികമാണ്.* അതുകൂടാതെ, ആത്മിക വർദ്ധന നടത്തുവാനും, നല്ല കാര്യങ്ങൾ ചെയ്യുവാനും ആരുമുണ്ടാവില്ല, അല്ലെങ്കിൽ ആരാധനയിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും ആരുമുണ്ടാവില്ല.

(3) *സഭയ്ക്കു മാത്രം ചെയ്യുവാൻ കഴിയുന്ന ഒന്നാണ് സുവിശേഷീകരണം.* ആളുകൾ സുഖമായിരിക്കുന്നു എന്നു തോന്നിക്കുന്ന സഹായം ചെയ്യുവാൻ ചിലർക്കു കഴിയും, വേറെ ചിലർക്കു സൽപ്രവൃത്തികൾ ചെയ്യുവാൻ കഴിയും; പക്ഷെ ലോകത്തിൽ നഷ്ടപ്പെടുന്നവരോടു രക്ഷിക്കുന്ന സുവിശേഷം അറിയിക്കുവാൻ പുതിയ നിയമ സഭയിലുള്ളവർക്കു മാത്രമെ കഴിയൂ! നഷ്ടപ്പെട്ടവരോടു സുവിശേഷം പ്രസംഗിക്കുന്നതിൽ സഭ പരാജയപ്പെട്ടാൽ, മറ്റാരും അതു ചെയ്യുകയില്ല!

അതുകൊണ്ട്, മിഷൻ പ്രവർത്തനം എന്നത്, സഭയുടെ നിലനില്പിന്റെ പരിധിയിൽ മാത്രം ഒതുങ്ങുന്നതല്ല, അതു സൗകര്യപ്രദമെന്നു തോന്നിയാൽ മാത്രം ചെയ്യാൻ സാധിക്കുന്ന നല്ല കാര്യവുമല്ല. മിഷൻ പ്രവർത്തനം സഭയുടെ മുഖ്യോദ്ദേശമാണ്; നാം ആയിരിക്കുന്നതു തന്നെ അതിനുവേണ്ടിയാണ്!

## രക്ഷയെ സംബന്ധിച്ച അടിസ്ഥാന ബൈബിൾ സത്യങ്ങൾ സ്ഥിരീകരിക്കൽ

മൂന്നാമതു, ഒരിടവക രക്ഷയെ കുറിച്ചുള്ള ബൈബിൾ ഉപദേശത്തെ സ്ഥിരീകരിക്കേണ്ടത് ആവശ്യമാണ്, കൂടാതെ സഭ പഴയ-കാല സത്യങ്ങളിൽ പുതിയ ഊന്നലും നല്കണം:

(1) അവനവന്റെ പാപം നിമിത്തമാണ് എല്ലാവരും നഷ്ടപ്പെടുന്നത്.

(2) ഈ ലോകത്തിൽ യേശുക്രിസ്തു മൂലമാണ് ആർക്കെങ്കിലും രക്ഷ പ്രാപിക്കുവാൻ കഴിയുന്നത്.

(3) സുവിശേഷം മാത്രമാണ് രക്ഷക്കുള്ള ദൈവശക്തി.

(4) കൃപയാൽ വിശ്വാസം മൂലമാണ് ആളുകൾ രക്ഷിക്കപ്പെടുന്നത്.

(5) ദൈവേഷ്ടം ചെയ്യുമ്പോൾ അല്ലെങ്കിൽ സുവിശേഷം അനുസരിക്കുമ്പോഴാണ് ആളുകൾ കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെടുന്നത്.

(6) പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ള ക്രിസ്തുവിന്റെ സുവിശേഷം കണക്കുകൊടുക്കേണ്ടുന്ന ആളുകൾ അനുസരിച്ചിട്ടില്ലെങ്കിൽ, പിന്നെ അവർ നഷ്ടപ്പെട്ടവരാണ്.

(7) ലോകത്തിൽ ദുരുപദേഷ്ടാക്കന്മാർ ഉണ്ട്. അവരുടെ ദുരുപദേശങ്ങൾ രക്ഷിക്കുകയില്ല, കൂടാതെ അവരെ അനുസരിച്ചിരിക്കുന്നവർ അവർ നഷ്ടപ്പെട്ടവർ ആയിരുന്നിട്ടും രക്ഷിക്കപ്പെട്ടു എന്നു കരുതിയേക്കാം.

(8) നഷ്ടപ്പെട്ടവരോടു സുവിശേഷം പ്രസംഗിക്കുവാനുള്ള ഉത്തരവാദിത്വം ക്രിസ്തു നല്കിയിരിക്കുന്നതു തന്റെ സഭയിലുള്ളവർക്കാണ്. ക്രിസ്ത്യാനികൾ അതിൽ പരാജയപ്പെട്ടാൽ, നഷ്ടപ്പെട്ടവരെ രക്ഷപ്പെടുത്തുവാൻ സാധിക്കുകയില്ല.

(9) പുതിയ നിയമത്തിൽ ഒരു സഭ മാത്രമാണ് തിരിച്ചറിയുവാൻ കഴിയുന്നത്, ബൈബിളിൽ പറഞ്ഞിട്ടുള്ള രീതിയിൽ അവന്റെ സഭയിൽ ആരാധിച്ചാൽ മാത്രമെ ദൈവം സ്വീകരിക്കയുള്ളൂ.

(10) സ്വർഗ്ഗവും നരകവുമുണ്ട്, നാം ഈ ജീവിതത്തിൽ ചെയ്യുന്നതു അനുസരിച്ചാണ് ചിലർ, നമ്മെയും ഉൾപ്പെടുത്തി, സ്വർഗ്ഗത്തിലാണോ നരകത്തിലാണോ നിത്യമായ ജീവിതം കഴിക്കുന്നതു എന്നു തീരുമാനിക്കുന്നത്.

ഈ വസ്തുതകളെ കുറിച്ചു മനസ്സിലാക്കിയിട്ടുള്ളതിന്റെ അഭാവം കൊണ്ടാണ്, പല കാര്യങ്ങളിലും, സഭയെ കുറച്ചു മിഷൻ പ്രവർത്തനം നടത്തുന്നതിലേക്കും പിന്നെ അംഗങ്ങളുടെ സാമൂഹ്യവും മനശാസ്ത്രപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കും നയിക്കുവാൻ കാരണം എന്നു ഞാൻ ഊഹിക്കുന്നു. ചിലപ്പോൾ നാം, ഉദാഹരണത്തിനു, ആളുകൾ നഷ്ടപ്പെട്ടവരാണ്, സുവിശേഷം രക്ഷിക്കും, അല്ലെങ്കിൽ സുവിശേഷം പ്രസംഗിക്കുവാൻ നമുക്ക് ഉത്തരവാദിത്വമുണ്ട് എന്നു നാം വിശ്വസിക്കുന്നില്ലെങ്കിൽ, പിന്നെ നാം രക്ഷിക്കുന്ന സന്ദേശം നഷ്ടപ്പെട്ടവരിൽ എത്തിക്കുവാൻ ഒരു ശ്രമവും നടത്തുകയില്ല. നേരെ മറിച്ചു, നാം സുവിശേഷ പ്രചരണത്തിൽ സജീവമായി പ്രവർത്തിക്കേണ്ടതുണ്ടെങ്കിൽ, നാം ഈ വലിയ സത്യങ്ങൾ സ്ഥിരീകരിക്കണം – അവ സ്ഥിരീകരിക്കേണ്ടത് പ്രസംഗിക്കുന്നതിൽ കൂടി മാത്രമല്ല, എന്നാൽ അവയെ വിശ്വസിക്കുകയും നാം വിശ്വസിച്ചു എന്നു പ്രവൃത്തിയിൽ കൂടി കാണിക്കുകയും ചെയ്യുമ്പോഴാണ് അത് സ്ഥിരീകരിക്കപ്പെടുന്നത്.

### മഹത്തായ ആജ്ഞയുടെ ലോക വ്യാപകമായ കാഴ്ച്ചപ്പാട്

നാലാമത്, ഒരു ഇടവക മഹത്തായ ആജ്ഞ പഠിക്കുമ്പോൾ ലോകത്തെ പരിഗണിക്കണം. നമുക്ക് മിഷൻ-മനസ്സുള്ളവരാകണമെങ്കിൽ, മഹത്തായ ആജ്ഞയെ കുറിച്ച് ലോകവ്യാപകമായ കാഴ്ച്ചപ്പാട് നാം എങ്ങനെയും രൂപപ്പെടുത്തണം. നമ്മുടെ പട്ടണങ്ങളുടേയും, സംസ്ഥാ

നങ്ങളുടേയും, ദേശത്തിന്റേയും അതിരുകൾക്കപ്പുറമുള്ളവരെ കുറിച്ചു നാം ബോധവാന്മാരാകണം.

ഒരുപക്ഷെ പ്രവൃത്തികൾ 1:8 നാം തെറ്റിദ്ധരിച്ചതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ പട്ടണങ്ങളിലും, സംസ്ഥാനങ്ങളിലും, ദേശത്തും മുഴുവനായി സുവിശേഷം പ്രസംഗിക്കാതെ, മറ്റു സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കില്ല എന്നു നാം വിശ്വസിച്ചതായി തോന്നുന്നു. ബൈബിൾ ഈ ആശയം പഠിപ്പിക്കുന്നില്ല. അതിനെതിരായിട്ട്, സുവിശേഷം വിദൂര സ്ഥലങ്ങളിലും വ്യാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നാണ് ബൈബിളിൽ സൂചിപ്പിച്ചിരിക്കുന്നത്. അബ്രഹാമിന്റെ സന്തതിമൂലം, സകല വംശങ്ങളും അനുഗ്രഹിക്കപ്പെടേണ്ടിയിരുന്നു (ഉല്പത്തി 12:3). മശിഹയുടെ രാജ്യത്തിൽ സകല ജാതികളും രക്ഷ കണ്ടെത്തും എന്നു പ്രവചിച്ചിരുന്നു (യെശയ്യാവു 2:2, 3). **"ലോകമെങ്ങും പോകുവിൻ"** എന്നാണ് യേശു കല്പിക്കുന്നത് **"... സകല സൃഷ്ടികളോടും"** (മർക്കൊസ് 16:15; മത്തായി 28:18–20). അപ്പൊസ്തലന്മാർ **"ഭൂമിയുടെ അറ്റത്തോളം"** തന്റെ സാക്ഷികൾ ആകും എന്നു യേശു പറഞ്ഞു (പ്രവൃത്തികൾ 1:8). വാസ്തവത്തിൽ, ദൈവ വചനം എങ്ങനെ ലോകം മുഴുവൻ പരന്നു എന്ന്, ഭാഗികമായി, പ്രവൃത്തികളുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു; അത് ക്രിസ്തുവിനെ കുറിച്ച് ലോക വ്യാപകമായ കാഴ്ച്ചപ്പാട് ഉണ്ടാകുവാൻ എല്ലാ ക്രിസ്ത്യാനികളെയും വെല്ലുവിളിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്. ലോകത്തിൽ അറിയപ്പെട്ട സകല സൃഷ്ടികളോടും, പൗലൊസിന്റെ കാലത്തു സുവിശേഷം അറിയിച്ചിരുന്നു (കൊലൊസ്യർ 1:23). ഈ ഗോളത്തിൽ വെച്ചു വചനമനുസരിച്ചവരെല്ലാവരും സ്വർഗ്ഗത്തിൽ കർത്താവിനെ ആരാധിച്ചുകൊണ്ടിരുന്നു:

> ഇതിന്റെ ശേഷം, സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും, നിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത, ഒരു മഹാ പുരുഷാരം, വെള്ളനിലയങ്കി ധരിച്ചു, കയ്യിൽ കുരുത്തോലയുമായി, സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ, നില്ക്കുന്നതു ഞാൻ കണ്ടു; **"രക്ഷ എന്നുള്ളതു, സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റേയും, കുഞ്ഞാടിന്റേയും ദാനം"** എന്നു, അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു (വെളിപ്പാട് 7:9, 10).

അമേരിക്കയിൽ അഞ്ചു ബില്ല്യൻ ജനങ്ങളിൽ ഒരു ചെറിയ ശതമാനം ആളുകൾ മാത്രമാണ് സഭാംഗങ്ങളാകുന്നത് എന്നു നാം മനസ്സിലാക്കണം. ലോകം മുഴുവനുമുള്ള സഭയിലെ അംഗത്വം കണക്കാക്കാൻ നാം ശ്രമിച്ചാൽ, അതു ലോക ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചെറിയ ശതമാനമേ വരുന്നുള്ളൂ എന്നു കാണാം. അതിനുപുറമെ, ഏതെങ്കിലും പേരുകളിൽ ക്രിസ്ത്യാനിത്വം എന്ന് അവകാശപ്പെടുന്നവരുടെ കണക്കു നോക്കിയാലും, അതും ഒരുപക്ഷെ ലോക ജനസംഖ്യയുടെ മുപ്പതു ശതമാനത്തിലും താഴെയേ വരുന്നുള്ളൂ എന്നു കാണാം. ഇതാണ് നമ്മുടെ ലോകം: വ്യത്യസ്ത സംസ്ക്കാരങ്ങളിൽ

വ്യാപിച്ചു വ്യത്യസ്ത പ്രദേശങ്ങളിലും ദേശങ്ങളിലുമായി ഏതാണ്ട് ഇരുനൂറ് രാജ്യങ്ങളിലായി നഷ്ടപ്പെട്ടവർ ആയി അഞ്ചു ബില്ല്യൻ ജനങ്ങൾ. നമ്മുടെ സഭാമന്ദിരത്തിന്റെ വാതിലുകൾക്കപ്പുറമുള്ള ലോകത്തിലേക്കു നമ്മുടെ കണ്ണുകൾ തുറന്നാൽ ... നമ്മുടെ അയൽക്കാരിൽ നിന്നപ്പുറത്തേക്ക് ... നമ്മുടെ പട്ടണാതിർത്തിക്കപ്പുറത്തേക്ക് ... നമ്മുടെ സംസ്ഥാനത്തിനും പ്രദേശത്തിനുമപ്പുറത്തേക്ക് ... നമ്മുടെ രാജ്യത്തിനപ്പുറത്തേക്ക് ... നോക്കിയാൽ മാത്രമേ ക്രിസ്തു കണ്ടതു പോലെ കാണുവാൻ നമുക്കു കഴിയൂ. എങ്കിൽ മാത്രമെ നമ്മുടെ നാട്ടിൽ മാത്രമല്ല സുവിശേഷീകരണം നടത്തേണ്ടത് മറിച്ച് "അവിടേയും," നടത്തണം എന്ന താല്പര്യം ഉണ്ടാകയുള്ളൂ.

**മിഷൻ പരിശ്രമങ്ങളിൽ സഹായിക്കുവാനുള്ള അവസരങ്ങൾ നല്കുക**

അഞ്ചാമതു, സഭയിലെ എല്ലാ അംഗങ്ങളും മിഷൻ പ്രവർത്തനങ്ങളിൽ വ്യക്തിപരമായ താല്പര്യം എടുക്കണം. ഒരിക്കൽ അദ്ധ്യക്ഷന്മാർ സഭയിൽ മിഷൻ പ്രവർത്തനത്തിനുള്ള താല്പര്യത്തിന് വളരുവാൻ യോജിച്ചതായ ഒരന്തരീക്ഷം ഉണ്ടാക്കിയാൽ, പിന്നെ വ്യക്തിപരമായി അവർക്കു മിഷൻ പ്രവർത്തനങ്ങളിൽ ഉൾപ്പെടുവാൻ അവസരം ഉണ്ടാക്കി കൊടുക്കണം.

*ഇതിനു ഇടവകക്കു മിഷൻ പ്രവർത്തന വാർത്തകളും മിഷ്ണറിമാരെ കുറിച്ചുള്ള വെളിപ്പെടുത്തലുകളും നൽകേണ്ടത് ആവശ്യമാണ്.* അദ്ധ്യക്ഷന്മാർ മിഷ്ണറിമാരെ അവരുടെ മിഷൻ പ്രവർത്തനങ്ങളെ സഭയോടു പങ്കുവെക്കുന്നതിനു വേദിയിലേക്ക് കൊണ്ടുവരാനുള്ള അവസരങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കണം.

*ക്രിസ്ത്യാനികൾക്ക് മിഷൻ പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാക്കേണ്ടതിനും അതിൽ ശ്രദ്ധിക്കേണ്ടതിനും അവരെ പ്രചോദിപ്പിക്കുവാൻ ശ്രമിക്കണം.* ഉപദേശം, ഉത്തേജനം, കൂടാതെ പ്രേരണ: ഇവയാണ് അദ്ധ്യക്ഷന്മാർ അംഗങ്ങളിൽ മിഷ്ണറിയാകുവാൻ വലിയ താല്പര്യം ജനിപ്പിക്കേണ്ടതിന് ഉപയോഗിക്കേണ്ട മാർഗ്ഗങ്ങൾ. പ്രസംഗ പീഠത്തിൽ നിന്നുയരുന്ന പ്രസംഗ വിഷയങ്ങൾ മിഷൻ പ്രവർത്തനത്തെ സംബന്ധിച്ചുള്ളതും, ബൈബിൾ ക്ലാസ്സിലെ പാഠങ്ങളെ കുറിച്ചും, ഭക്തിയെകുറിച്ചും, സുവിശേഷ പ്രവർത്തനങ്ങളിൽ സഭയെ സഹായിക്കുന്നതുമാകണം.

*മിഷൻ പ്രവർത്തനങ്ങളിൽ അംഗങ്ങൾ വ്യക്തിപരമായി സജീവമാകുവാൻ അവർക്കു പ്രായോഗിക അവസരങ്ങൾ നല്കണം.* പല രീതികളിൽ സഭാംഗങ്ങൾക്കു മിഷൻ പ്രവർത്തനങ്ങളിൽ പങ്കു ചേരുവാൻ കഴിയും. അവർക്കു മിഷ്ണറിമാർക്കുവേണ്ടി പ്രാർത്ഥിക്കുകയും മിഷ്ണറിമാരുടെ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായവും ചെയ്യാം. അവർക്കു മിഷൻ പ്രവർത്തനത്തിനു പോകുന്ന മിഷ്ണറിമാരെ വിമാനത്താവളത്തിൽ കൊണ്ടുപോയി യാത്ര അയക്കുകയും തിരിച്ചു അവരെ സ്വാഗതം ചെയ്യുകയുമാകാം. അവർക്കു മിഷ്ണറിക്കുവേണ്ടി റിപ്പോർട്ടർമാർ, പ്രസാധകർ, അല്ലെങ്കിൽ സഹായികളായും പ്രവർത്തിക്കാം. അവർക്കു മിഷ്ണറിമാരുമായി

കത്തിടപാടുകൾ നടത്താം, അവർക്കു "കരുതൽ" പാക്കേജുകൾ അയക്കാം, പ്രത്യേക അവസരങ്ങളിൽ അവരെ ഓർക്കാം. അവർക്ക് വിദേശങ്ങളിലുള്ളവരെ തപാൽ മുഖേന പഠിപ്പിക്കാം. ഹ്രസ്വ-കാല മിഷ്ണറി പ്രവർത്തനങ്ങളിൽ അവർക്ക് സഹായിക്കാം, ഉദാഹരണത്തിനു യോഗങ്ങൾ നടത്താം. എവിടെയെങ്കിലും സഭ ബലഹീനമെങ്കിൽ അവിടേക്കു ശക്തരായ ക്രിസ്ത്യാനികളെ പോകാൻ പ്രേരിപ്പിക്കാം, അത് സഭയുടെ വളർച്ചക്ക് അവർ സഹായിക്കുമ്പോൾ അവർക്ക് പിൻതുണ നൽകുന്നതിനാണ്. മിഷ്ണറി പരിശീലനത്തിലൂടെ യുവാക്കളായ ക്രിസ്ത്യാനികൾക്ക് ആവശ്യമായ പരിശീലനം നല്കാം.

ഒരു പ്രാദേശിക സഭയിൽ മിഷൻ-മനസ്സുള്ള നേതൃത്വം ഉണ്ടെങ്കിൽ, സഭയുടെ ഉദ്ദേശത്തെ കുറിച്ച് ബൈബിൾ കാഴ്ച്ചപ്പാടുണ്ടെങ്കിൽ, രക്ഷയുടെ ബൈബിൾ സംബന്ധമായ ഉപദേശത്തെ കുറിച്ച് സ്ഥിരീകരണം ഉണ്ടെങ്കിൽ, മഹത്തായ ആജ്ഞയെ കുറിച്ച് ലോക വ്യാപകമായ കാഴ്ച്ചപ്പാടുണ്ടെങ്കിൽ, കൂടാതെ മിഷൻ പ്രവർത്തനങ്ങളിൽ ഉൾപ്പെടുവാനുള്ള അവസരങ്ങളും ഉണ്ടെങ്കിൽ, ആ സഭയിലെ അംഗങ്ങൾക്ക് മിഷൻ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ താല്പര്യമുണ്ടാകുമെന്നുള്ളത് തീർച്ചയുള്ളതാണ്.

## ഫലപ്രദമായ മിഷ്ണറി<br>പ്രവർത്തനത്തിലേക്കു സഭയെ നയിക്കൽ

സഭാദ്ധ്യക്ഷന്മാർ നേരിടുന്ന രണ്ടാമത്തെ വെല്ലുവിളി മിഷൻ പ്രവർത്തനം ശരിയായി നടക്കുന്നുണ്ടോ എന്നു ഉറപ്പുവരുത്തുകയും - അതു ഫലപ്രദമായ രീതിയിൽ ചെയ്യുന്നുണ്ടോ എന്നു നോക്കുകയുമാണ്.

ഈ സമയത്തു പല അവകാശങ്ങളും ഉന്നയിക്കാതിരിക്കുന്നതു ആവശ്യമാണ്: (1) ഏതു വിധത്തിലുള്ള മിഷൻ പ്രവർത്തനവും അനുമോദിക്കത്തക്കതാണ്. (2) അടിക്കടി, മിഷൻ പ്രവർത്തനങ്ങളിൽ, ശരിയായ വഴിയിൽ ആരുമില്ല: "ശരിയായ വഴിയും" ഏറ്റവും ഫലപ്രദമായ വഴിയും ഓരോ സ്ഥലത്തും ഓരോ സമയത്തും വ്യത്യസ്തമായിരിക്കും. (3) ഇന്നു ശുപാർശ ചെയ്യുന്ന പരിശീലനങ്ങൾ പിൻപറ്റാത്ത മിഷ്ണറിമാർ വലിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. (4) ദൈവം അവരെ അനുഗ്രഹിച്ചാലേ നമ്മുടെ രീതികൾ ഫലവത്താകയുള്ളൂ; കാരണം അവനാണ് വർദ്ധനവു തരുന്നത്!

കഴിഞ്ഞ കാലഘട്ടത്തിൽ മിഷൻ പ്രവർത്തനത്തിനുവേണ്ടി ചെലവഴിച്ച പണത്തിന്റെയും പരിശ്രമത്തിന്റെയും അധികവും, ഇന്നുവരെ മനുഷ്യർക്കു കാണാൻ കഴിഞ്ഞത്, ഫലശൂന്യവും ഫലമില്ലാത്തതുമായിരുന്നു എന്നാണ്. കർത്താവിന്റെ പണം കഴിയുന്നതും നല്ല രീതിയിൽ ഉപയോഗിക്കണമെങ്കിൽ, സഭാദ്ധ്യക്ഷന്മാർ ഏറ്റവും ഫലപ്രദമായ രീതികൾ ഉപയോഗിക്കുവാൻ ശ്രമിക്കുകയും ദീർഘകാലത്തേക്ക് ഫലമുള്ളതായി തീരുന്ന പ്രവർത്തനങ്ങളെ സഹായിക്കുകയും വേണം.

## ഉപസംഹാരം

മിഷൻ പ്രവർത്തനം എല്ലാ സഭകൾക്കും ഒരു വെല്ലുവിളി തന്നെ

യാണ്, അതു ഏതു രാജ്യത്തിലായാലും, സഭ ചെറുതായാലും വലുതായാലും, പുതിയതോ പഴയതോ ആയാലും അതു വാസ്തവമാണ്. ഏതൊരു സ്ഥലത്തും സഭ ആരംഭിച്ചതു മുതൽ, സുവിശേഷം എത്താത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനുള്ള ഉത്തരവാദിത്വം അവർക്കുണ്ടെന്ന് അവരെ മനസ്സിലാക്കണം. 1973-ൽ അബിലീൻ ക്രിസ്റ്റ്യൻ യൂണിവേഴ്സിറ്റിയിൽ മിഷൻ പ്രവർത്തനത്തെ കുറിച്ചുള്ള ഒരു ക്ലാസിൽ വെൻഡെൽ ബ്രൂം അടിക്കടി പറഞ്ഞത്, "മിഷൻ പ്രവർത്തനത്തിന്റെ ഉദ്ദേശം സഭകൾ ആരംഭിക്കുകയും, സഭകൾ ആരംഭിക്കുകയും, സഭകൾ ആരംഭിക്കുകയും. ..." എന്നാണ്

ഞാൻ ആസ്ട്രേലിയയിൽ മിഷ്ണറി പ്രവർത്തനം നടത്തിക്കൊണ്ടിരുന്നപ്പോൾ, അവിടത്തെ സഭയിലെ മിഷ്ണറിമാർ സഹോദരന്മാരെ മലേഷ്യയിൽ സുവിശേഷ പ്രസംഗം നടത്തുന്നതിൽ സഹായിക്കുവാൻ പ്രോത്സാഹിപ്പിച്ചു, അതേ സമയം ആസ്ട്രേലിയൻ സഭകൾക്കു മറ്റു സഭകളുടെ സഹായം ലഭിച്ചിരുന്നുവെങ്കിലും, അവിടത്തെ ഉപദേഷ്ടാക്കന്മാരെ സഹായിച്ചിരുന്നത് വിദേശത്തുള്ളവരായിരുന്നു. എന്തുകൊണ്ട്? കാരണം യുവത്വത്തിലായ സഭയും, കൂടെ, മഹത്തായ ആജ്ഞ പാലിക്കേണ്ടതുണ്ടെന്ന് നാം വിശ്വസിച്ചു. മറ്റുള്ളവരിൽ നിന്നു എപ്പോഴും സഹായം കിട്ടുന്ന സഭ ആയിരിക്കണം അവരുടേത് എന്നല്ല അവർ സ്വയം ചിന്തിക്കേണ്ടത്, എന്നാൽ മറ്റു സ്ഥലങ്ങളിലേക്കു സുവിശേഷം എത്തിക്കേണ്ട മാർഗ്ഗം ആകണം അവരുടെ സഭ - അതു ലഭിക്കുന്ന സഭ മാത്രമാകാതെ, അയക്കുന്ന സഭയാകണം.

നാമെല്ലാം നമ്മെ ഇതുപോലെ കാണണം! "മറ്റു പ്രദേശത്തെ ആളുകൾ, അവരുടെ രക്ഷക്കായി നമ്മെ ആശ്രയിക്കയാണെങ്കിൽ, നാം എന്തു ചെയ്യും?" എന്നു സ്വയം ചോദിക്കുവാൻ തക്കവണ്ണം, ഒരു സഭയും വളരെ പുതുതായി സ്ഥാപിച്ചിട്ടില്ല, വളരെ കാലമായി നില നില്ക്കുന്ന സഭയുമില്ല. തീർച്ചയായും, അതായിരിക്കാം, സംഭവം.

---

കുറിപ്പു

[1]ഇതിന്റെ ഒരു ഭാഗം, എടുത്തിരിക്കുന്നത്, "ഇൻവോൾവിങ്ങ് ദ റാങ്ക്-ആന്റ്-ഫയൽ ക്രിസ്റ്റ്യൻ ഇൻ മിഷൻസിൽ," നിന്നും അവതരിപ്പിച്ചത് 1990 ഫെബ്രുവരി 5-ന്, ഫ്രീഡ്-ഹാഡ്മാൻ ലക്ചർഷിപ്പിൽ കോയ് റോപ്പർ ആണ്. അതു പിന്നീട് മൂന്നു ഭാഗങ്ങളായി പ്രസിദ്ധീകരിച്ചു, "ഇൻവോൾവിങ്ങ് എവരി ക്രിസ്റ്റ്യൻസ് ഇൻ മിഷൻസ്," *ദ വേൾഡ് ഇവാഞ്ചെലിസ്റ്റ്* 19 (ആഗസ്റ്റ് 1990): 1; (സെപ്തംബർ 1990): 4; (ഒക്ടോബർ 1990): 16.

© 2009 Truth for Today